പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 98 — 15-10-2026-ൽ മറുപടിയ്ക്ക്

## പി.എം.ശ്രീ പദ്ധതി

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. സി. ആർ. മഹേഷ്

ശ്രീ. കെ. പി. നൗഷാദ് അലി

ശ്രീ. സിറിയക് തോമസ്

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എം.ശ്രീ പദ്ധതിയുടെ ധാരണാ പത്രത്തിൽ ഒപ്പിട്ടതിനാൽ നിലവിൽ സംസ്ഥാനം പദ്ധതിയുടെ ഭാഗമാണെന്നും അതിനാൽ പദ്ധതി നടപ്പാക്കിയാലേ എസ്.എസ്.കെ. ഫണ്ട് നൽകാനാകൂ എന്ന് കേന്ദ്രം നിലപാട് സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ഉണ്ട്. സംസ്ഥാനത്ത് പി.എം. ശ്രീ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പിട്ടതിനാൽ നിലവിൽ സംസ്ഥാനം പദ്ധതിയുടെ ഭാഗമാണെന്നും അതിനാൽ പദ്ധതി നടപ്പിലാക്കിയാലെ എസ്.എസ്.കെ പദ്ധതിക്ക് ഫണ്ട് നൽകാനാകൂ എന്നും കേന്ദ്രസർക്കാർ മീറ്റിംഗുകളിൽ നിലപാട് സ്വീകരിച്ചിട്ടുണ്ട്.

**(ബി)** നിലവിലുള്ള പി.എം. ശ്രീ പദ്ധതിയുടെ കാലാവധി 2027 മാർച്ച് 31-ന് അവസാനിക്കുമെങ്കിലും ആയതിന് തുടർച്ചയുണ്ടാകുമെന്നും അതിനാൽ കേരളം ഇനി നടപ്പാക്കിയാലും പദ്ധതിക്ക് കാലാവധി തുടർച്ച ലഭിക്കുമെന്നും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**<u>മറുപടി:</u>** ഇതു സംബന്ധിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിൽ നിന്നും നാളിതുവരെ രേഖാമൂലം അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ ചില യോഗങ്ങളിൽ പദ്ധതി തുടരുമെന്ന സൂചന ഉന്നത ഉദ്യോഗസ്ഥർ വ്യക്തമാക്കിയിട്ടുണ്ട്.

**(സി)** മുൻ സർക്കാർ സ്വീകരിച്ച നിലപാട് മൂലം പി.എം.ശ്രീ പദ്ധതിയിൽ തുടരാൻ സംസ്ഥാനം നിർബന്ധിതമായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**<u>മറുപടി:</u>** മുൻ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് പി.എം. ശ്രീ പദ്ധതി ആരംഭിക്കുന്നതിന് പദ്ധതിയുടെ ധാരണാപത്രത്തിൽ സംസ്ഥാനം 2025 ഒക്ടോബറിൽ ഒപ്പുവച്ചിട്ടുണ്ട്. ധാരണാ പത്രത്തിലെ ഒരു വ്യവസ്ഥ ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്:

DoSE&L, MoE, GoI reserves the right to rescind, cancel, terminate the agreement in the interest of public by giving the notice of 30 days.

അതായത്, പൊതു താല്പര്യാർത്ഥം ഈ കരാർ 30 ദിവസത്തെ നോട്ടീസ് നൽകി റദ്ദാക്കുകയോ അവസാനിപ്പിക്കുകയോ ചെയ്യുന്നതിനുള്ള അവകാശം കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ Department of School Education and Literacy (DoSE&L) യ്ക്ക് മാത്രം ആയിരിക്കും.

കഴിഞ്ഞ സർക്കാർ പി.എം. ശ്രീ പദ്ധതി നടപ്പിലാക്കാമെന്ന് സമ്മതിച്ച് ധാരണാപത്രം ഒപ്പിടുകയും, ഒപ്പിട്ട ധാരണാപത്രത്തിൽ നിന്നും പിന്മാറാൻ സംസ്ഥാനത്തിന് വ്യവസ്ഥ ഇല്ലാതിരിക്കുകയും വഴി ഉണ്ടായിട്ടുള്ള പ്രതിസന്ധി ആണ് ഈ സർക്കാരിന്റെ മുന്നിലുള്ളത്. സംസ്ഥാന സർക്കാരിന്റെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന സിലബസ് അല്ലാതെ മറ്റൊരു പാഠ്യപദ്ധതിയും സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പഠിപ്പിക്കാൻ കഴിയില്ല എന്നുള്ളത് തന്നെയാണ് ഈ സർക്കാരിന്റെ നിലപാട്. മേൽ സാഹചര്യത്തിൽ പി. എം. ശ്രീയുമായി ബന്ധപ്പെട്ട് എന്ത് തുടർനടപടിയാണ് സംസ്ഥാന സർക്കാർ സ്വീകരിക്കേണ്ടതെന്ന് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 18.06.2026 ലെ ജി. ഒ. (എം.എസ്.) നം. 107/2026/പൊ.വി.വ. പ്രകാരം മന്ത്രിസഭ ഉപസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത മന്ത്രിസഭാ ഉപസമിതി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭാവികാര്യങ്ങൾ തീരുമാനിക്കുന്നത്.

**സെക്ഷൻ ഓഫീസർ**